# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.418 20.03.2018 ൽ മറുപടിയ്ക്ക്

### ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകതകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എം.ഷാജി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | അടുത്തിടെ നടപ്പിലാക്കിയ ബസ് ചാർജ്ജ് വർദ്ധനയിൽ ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | ഫെയർ സ്റ്റേജ് നിർണ്ണയത്തിന് 2.5 കി.മീ ആണ് ആധാരമാക്കിയിരുന്നതെങ്കിലും ചില സ്റ്റോപ്പുകളുടെ പ്രാധാന്യവും പൊതുജന സൗകര്യവും കണക്കിലെടുത്ത് ഫെയർ സ്റ്റേജ് നിർണ്ണയിച്ചപ്പോൾ ദൂരം സംബന്ധിച്ച് ചില ഏറ്റക്കുറച്ചിലുകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് അതാത് ആർ.ടി.എ.-കൾ ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകതകൾ കാരണം പൊതുജനങ്ങൾക്ക് അധിക തുക നൽകേണ്ടി വരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ഇതുകാരണം സ്വകാര്യ ബസ് ഉടമകൾക്ക് അമിതലാഭം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ